II ഇ.ബി. XIII- കേരള നിയമസഭ/X-12

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ഫെബ്രുവരി 03, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

### 36 (*361) എം.ബി.ബി.എസ്. പ്രവേശനം സംബന്ധിച്ച് സ്വകാര്യ കോളേജുകളുമായുണ്ടാക്കിയ കരാർ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, സംവരണതത്വം പാലിച്ചാണ് സ്വകാര്യ–സ്വാശ്രയ കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനം നടത്തുന്നതെന്നും 2014 അദ്ധ്യയന വർഷത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരികയാണെന്നും ഇതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും സഭയെ അറിയിച്ചു. പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് പുറപ്പെടുവിച്ച 2014–ലെ പ്രോസ്പെക്ടസിലെ വ്യവസ്ഥ പ്രകാരം സ്വകാര്യ–സ്വാശ്രയ കോളേജുകളിലെ അലോട്ട്മെന്റ് പ്രത്യേകമായി നോട്ടിഫൈ ചെയ്യണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്വകാര്യ–സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി കരാറുണ്ടാക്കുന്ന മുറയ്ക്ക് പ്രസ്തുത കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെ

ടുത്തുന്നതാണ്. സർക്കാരുമായുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്ന സ്വകാര്യ-സ്വാശ്രയ കോളേജുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. കഴിഞ്ഞ അദ്ധ്യയനവർഷം സർക്കാരുമായി കരാറി ലേർപ്പെട്ടശേഷം സ്വന്തമായി പ്രവേശനപരീക്ഷ നടത്തുകയും മെറിറ്റിന് വിരുദ്ധമായി അഡ്മിഷൻ നടത്തുകയും ചെയ്ത കരുണ മെഡിക്കൽ കോളേജ് (പാലക്കാട്), കണ്ണൂർ മെഡിക്കൽ കോളേജ് (കണ്ണൂർ) എന്നിവയെ 2014-ലെ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും പ്രസ്തുത കോളേജുകൾ സമ്പാദിച്ച അനുകൂല കോടതിവിധിക്കെതിരെ അപ്പീൽ നൽകുന്നതു സംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷന്റെ കീഴിലുള്ള സ്വകാര്യ മെഡിക്കൽ കോളേജുകളിലെ പ്രവേശനവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരികയാണ്. സാമൂഹികമായും സാമ്പത്തി കമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി 40 ലക്ഷം രൂപയുടെ സ്കോളർഷിപ്പ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. എം.ഇ.എസ്. മെഡിക്കൽ കോളേജിലെ പ്രവേശനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി വിധിക്കെതിരെ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും ഈ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തുമെന്ന് സർക്കാരിനെ അറിയിച്ചിട്ടില്ലെന്നും മന്ത്രി അറിയിച്ചു. സ്വാശ്രയ കോളേജുകളിൽ 10% സീറ്റ് എസ്.സി/എസ്.ടി. വിഭാഗ ത്തിനായി സംവരണം ചെയ്തിട്ടുണ്ട്. ജനറൽ, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 1,65,000/- രൂപയും 2,60,000/- രൂപയുമാണ് ഫീസായി നിജപ്പെടുത്തിയിരിക്കുന്നതെന്നും എസ്.സി/എസ്.ടി. വിഭാഗ

ക്കാർക്കുവേണ്ടി സർക്കാരാണ് ഫീസ് നൽകുന്നതെന്നും ഇതിൽ കുറവ് വരുത്തുന്നതു സംബന്ധിച്ച് സ്വാശ്രയ കോളേജ് മാനേജുമെന്റുകളുമായി ആലോചിക്കാവുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ആൾ ഇൻഡ്യ മെഡിക്കൽ കൗൺസിൽ അംഗീകരിച്ച നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ള കോളേജുകൾക്കാണ് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതെന്നും ആരോഗ്യ സർവ്വകലാശാലയിൽ സെനറ്റും സിൻഡിക്കേറ്റും രൂപീകരിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

37 (*362) <u>ആരോഗ്യ മേഖലയിലെ വിദേശ നിക്ഷേപം</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ദീർഘകാല വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്ന തിനുള്ള തന്ത്രങ്ങളും മുൻകൂട്ടി തയ്യാറാക്കുകയും പദ്ധതികൾ യഥാസമയം നടപ്പാക്കി കേരളത്തിന്റെ സമഗ്രവികസനം സാദ്ധ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ പെഴ്സ്പെക്ടീവ് പ്ലാൻ 2030 എന്ന ശീർഷകത്തിൽ ഒരു പദ്ധതി പരിപ്രേഷ്യത്തിന്റെ കരട് ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന 'നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക്സ് റിസർച്ച്'-ന്റെ സാങ്കേതിക സഹായത്തോടെ സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആരോഗ്യത്തിലൂടെ സാമ്പത്തിക പുരോഗതി ഉണ്ടാക്കുന്നതിനായി ആഗോള ആരോഗ്യനഗരങ്ങൾ സ്ഥാപിക്കണമെന്നും അന്താരാഷ്ട്ര നിലവാരത്തിലുള്ള ആരോഗ്യ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണ സേവനങ്ങൾ, പരിശീലനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാൽ മികവിന്റെ കേന്ദ്രങ്ങളാക്കി സേവന കൈമാറ്റം

നടത്തുന്നതിനായി വിവര സാങ്കേതികവിദ്യവഴി കേരള അതിർത്തി കടന്നുള്ള ആരോഗ്യസേവനങ്ങൾ, മെഡിക്കൽ ടൂറിസം, ആരോഗ്യ വിദഗ്ദ്ധരുടെയും വിജ്ഞാനത്തിന്റെയും കൈമാറ്റം, കേരളത്തിനകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള വിദേശ നിക്ഷേപം എന്നീ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കരട് രേഖ വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെടുകയും പൊതുജനാഭിപ്രായം ക്രോഡീകരിക്കുന്നതിനായി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്മേലുള്ള ജനങ്ങളുടെ പ്രതികരണങ്ങളും നിർദ്ദേശങ്ങളും ചർച്ച ചെയ്യാനായി ശില്പശാല നടത്തുന്നതാണ്. കരട് നിർദ്ദേശങ്ങൾ ആസൂത്രണബോർഡോ സർക്കാരോ അംഗീകരിച്ചിട്ടില്ലെന്നും പൊതുവായ അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അന്തിമ തീരുമാനമെടുക്കുകയുള്ളൂവെന്നും സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തി വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നും മന്ത്രി വ്യക്തമാക്കി. സ്വകാര്യ മേഖലയിലെ ആശുപത്രികൾ, ലാബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നിയന്ത്രണവിധേയമാക്കുന്നതിനായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ അടുത്ത സഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്. തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ വന്ധ്യതാ ചികിത്സ ആരംഭിച്ചിട്ടുണ്ടെന്നും 5 മെഡിക്കൽ കോളേജുകളിൽക്കൂടി ഇത് ആരംഭിക്കുന്നതാണെന്നും ആശുപത്രികളിൽ മരുന്നുകളുടെ വിലനിലവാരം പ്രദർശിപ്പിക്കുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 38 (*363) ജനിതക വൈകല്യം ബാധിച്ചവരുടെ ചികിത്സയും പുനരധിവാസവും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, നവജാതശിശുക്കളിലെ ജനിതകരോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സ്ക്രീനിംഗ് പ്രോഗ്രാം 2013 ഫെബ്രുവരി 23-ന് ആരംഭിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുക്കപ്പെട്ട 44 സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് നാല് മെറ്റബോളിക്/ജനിതക രോഗങ്ങളാണ് ടെസ്റ്റ് ചെയ്യുന്നതെന്നും അടുത്ത വർഷം 100 ആശുപത്രികളിൽക്കൂടി ഇത് വ്യാപിപ്പിക്കുന്നതാണെന്നും സഭയെ അറിയിച്ചു. വയനാട് ജില്ലയിലെ ആദിവാസി/ചെട്ടി വിഭാഗത്തിലും പാലക്കാട് അട്ടപ്പാടിയിലെയും മലപ്പുറം നിലമ്പൂരിലെയും ആദിവാസികളിലും കണ്ടുവരുന്ന ജനിതകരോഗമായ സിക്കിൾസെൽ അനീമിയ (അരിവാൾ രോഗം) രോഗികളെ കണ്ടെത്താനായി എൻ.ആർ.എച്ച്.എം.-വഴി സ്ക്രീനിംഗും രക്ത പരിശോധനയും നടത്തുന്നുണ്ട്. ഈ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ഇവരുടെ ചികിത്സയ്ക്കായി പ്രത്യേക ക്ലിനിക്കുകൾ നടത്തിവരുന്നുണ്ട്. ആരോഗ്യവകുപ്പ് എൻ.ആർ.എച്ച്.എം. പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കി പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ സാങ്കേതിക മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടിന്റെ ഭാഗമായി ഡോക്ടർമാർക്കും ജീവനക്കാർക്കുമുള്ള പരിശീലന പരിപാടികൾ, ലബോറട്ടറി സംവിധാനം, ചികിത്സയും മരുന്നും ലഭ്യമാക്കൽ, ഫീൽഡുതല ക്യാമ്പ് നടത്തൽ, പോഷണകിറ്റ് വിതരണം തുടങ്ങിയവ നടന്നുവരുന്നു. ഹീമോഫീലിയ രോഗ

ത്തിനെതിരെ ഉപയോഗിച്ചുവരുന്ന മരുന്നായ ഫാക്ടർ 8 ലഭ്യമല്ലാത്ത ഘട്ടങ്ങളിൽ രക്തത്തിൽ നിന്നും വേർതിരിച്ചെടുക്കുന്ന പ്രസിപ്പിറ്റേറ്റ് നൽകാറുണ്ടെന്നും ദോഷഫലങ്ങളുണ്ടാകുന്നതിനാൽ ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ മാത്രമേ സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രസിപ്പിറ്റേറ്റ് ഉപയോഗിക്കുകയുള്ളൂവെന്നും മന്ത്രി വ്യക്തമാക്കി. ഹീമോഫീലിയ രോഗികൾക്ക് കാരുണ്യ ഫാർമസിവഴി മരുന്നും ജില്ലാ/ജനറൽ ആശുപത്രികൾ മുഖേന സൗജന്യ ചികിത്സയും ലഭ്യമാണെന്നും കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ 2 ലക്ഷം രൂപവരെ വിലയുള്ള മരുന്നുകൾ സൗജന്യമായി നൽകിവരുന്നുണ്ടെന്നും അത് 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സാമൂഹിക നീതി വകുപ്പിന്റെ 01.04.2013-ലെ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികളുടെ അവസ്ഥയെക്കുറിച്ച് പഠിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായി രൂപീകരിച്ച ആറംഗ കമ്മിറ്റി ഇത്തരം രോഗികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ജനിതക വൈകല്യരോഗങ്ങൾ ഉൾപ്പെടെ എല്ലാത്തരം രോഗങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമാണെന്നും ആരോഗ്യകിരണം പദ്ധതിവഴി 18 വയസ്സിനുതാഴെയുള്ളവർക്ക് സർക്കാർ ആശുപത്രികളിൽ എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ടെന്നും തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്ററിൽ ഒരു ജനറ്റിക് ലാബ് ആരംഭിക്കുന്നതിനായി 3,60,00,000/- രൂപ നീക്കിവച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

**39 (*364) ജലസംരക്ഷണത്തിനും കുടിവെള്ള വിതരണത്തിനുമു ള്ള പദ്ധതികൾ**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, കഴിഞ്ഞ വർഷത്തെ അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത് കൃഷിക്കും അനുബന്ധാവശ്യങ്ങൾക്കുമായി 2013–14–ലെ ബഡ്ജറ്റിൽ 505 കോടി രൂപ പ്രഖ്യാപിച്ചിരുന്നെന്നും 400 കോടി രൂപയുടെ തടയണ നിർമ്മാണ പദ്ധതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരികയാണെന്നും സഭയെ അറിയിച്ചു. പാലക്കാട് ജില്ലയിലെ 200 കുളങ്ങൾ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കേരള വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റ് 100 കോടി രൂപ ബോണസായി നൽകിയിട്ടുണ്ടെന്നും കഴിഞ്ഞവർഷത്തെ എക്സ്പെൻഡിച്ചർ 90 ശതമാനമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 4027 മുതൽ 4320 വരെയുള്ള ചോദ്യങ്ങളിൽ 68 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)